**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1722** **29-09-2025 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ ജൈവ നെൽകൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | പാലക്കാട് ജില്ലയിൽ ജൈവവള വിതരണത്തിനായി സർക്കാർ ഏത് ഏജൻസികളെയാണ് ഉപയോഗിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | **കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (KAICO), റീജിയണൽ അഗ്രോ ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോ-ഒപ്പറേറ്റീവ് ഓഫ് കേരള ലിമിറ്റഡ് (RAIDCO) , സഹകരണ സ്ഥാപനങ്ങൾ മുതലായവ വഴി ആണ് മാനദണ്ഡങ്ങൾക്ക് വിധേയമായി കൃഷി വകുപ്പിന്റെയും ജനകീയാസൂത്രണ പദ്ധതികളിലെയും ജൈവവള വിതരണം പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്നത്.** |
| (ബി) | പാലക്കാട് ജില്ലയിൽ ജൈവ നെൽകൃഷി നടത്തുന്ന കർഷകരുടെ എണ്ണം എത്രയാണെന്ന് വിശദമാക്കാമോ; ഇവരുടെ ഉല്പന്നം മാർക്കറ്റ് ചെയ്യുന്നതിന് വകുപ്പ് എന്തെങ്കിലും സഹായം നൽകുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ? | (ബി) | പാലക്കാട് ജില്ലയിൽ ജൈവ നെൽകൃഷി നടത്തുന്ന കർഷകരുടെ എണ്ണം 144 ആണ്. നിലവിൽ പ്രസ്തുത ഉൽപ്പന്നം എക്കോ-ഷോപ്, ആഴ്ച-ചന്തകൾ എന്നിവ മുഖേനയും, കർഷകർ നേരിട്ടും വിപണനം നടത്തി വരുന്നു. ജൈവകാർഷികോല്പന്നങ്ങൾക്ക് മികച്ച വില ലഭ്യമാക്കുന്നതിന് ജൈവ സർട്ടിഫിക്കേഷൻ നൽകുകയും അത്തരം ഉല്പന്നങ്ങളെ കേരളാ ഗ്രോഗ്രീൻ, കേരളാ ഗ്രോ ഓർഗാനിക് എന്നിങ്ങനെ ട്രേഡ് മാർക്ക് ചെയ്ത് വിപണിയിലെത്തിക്കാനും നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ